55562/Ac E III/2024/UOK 04.11.2025

<u>പുനർ വിജ്ഞാപനം</u>

കേരള സർവകലാശാലയിൽ കൊല്ലം S N ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ ശ്രീ നാരായണ ഗുരു എൻഡോവ്മെന്റ് അവാർഡ് - 2023 & 2024 വർഷങ്ങളിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ശ്രീ നാരായണ ഗുരുവിന്റെ ജീവിത ദർശനം, ശ്രീ നാരായണ ഗുരുവിന്റെ ദർശനമായ അദ്വൈതം, മതേതര ആത്മീയത, സാഹിത്യ രചനകൾ എന്നിവ സൂക്ഷ്മമായി വിവരിക്കുന്ന ഏറ്റവും മികച്ച ഗവേഷണ പ്രബന്ധം/ബുക്ക്/ ആർട്ടിക്കിൾ നാണ് ഈ അവാർഡ് നൽകുന്നത്.

<u>യോഗ്യത</u> :

1. <u>ശ്രീ നാരായണ ഗുരു എൻഡോവ്മെന്റ് അവാർഡ് - 2023</u>

കേരളത്തിലെ സർവകലാശാലകളിൽ 2023 ൽ അവാർഡ് ചെയ്ത പ്രബന്ധങ്ങളിൽ ശ്രീ നാരായണ ഗുരുവിന്റെ ജീവിത ദർശനം, ശ്രീ നാരായണ ഗുരുവിന്റെ ദർശനമായ അദ്വൈതം, മതേതര ആത്മീയത, സാഹിത്യ രചനകൾ എന്നിവ സൂക്ഷ്മമായി വിവരിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾക്കാണ് മുൻഗണന. ഇവയുടെ അഭാവത്തിൽ കേരളത്തിലെ സർവകലാശാലകളിലെ പഠന വിഭാഗങ്ങളിലെയോ അഫിലിയേറ്റഡ് കോളേജുകളിലെയോ അധ്യാപകർ/വിദ്യാർത്ഥികൾ 2023 ൽ പ്രസിദ്ധീകരിച്ച ശ്രീ നാരായണ ഗുരുവിന്റെ ജീവിത ദർശനം, ശ്രീ നാരായണ ഗുരുവിന്റെ ദർശനമായ അദ്വൈതം, മതേതര ആത്മീയത, സാഹിത്യ രചനകൾ എന്നിവ പ്രതിപാദിക്കുന്ന ബുക്കുകൾ/ ആർട്ടിക്കിളുകൾ എന്നിവയും പരിഗണിക്കുന്നതാണ്.

2. <u>ശ്രീ നാരായണ ഗുരു എൻഡോവ്മെന്റ് അവാർഡ് - 2024</u>

കേരളത്തിലെ സർവകലാശാലകളിൽ 2024 ൽ അവാർഡ് ചെയ്ത പ്രബന്ധങ്ങളിൽ ശ്രീ നാരായണ ഗുരുവിന്റെ ജീവിത ദർശനം, ശ്രീ നാരായണ ഗുരുവിന്റെ ദർശനമായ അദ്വൈതം, മതേതര ആത്മീയത, സാഹിത്യ രചനകൾ എന്നിവ സൂക്ഷ്മമായി വിവരിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾക്കാണ് മുൻഗണന. ഇവയുടെ അഭാവത്തിൽ കേരളത്തിലെ സർവകലാശാലകളിലെ പഠന വിഭാഗങ്ങളിലെയോ അഫിലിയേറ്റഡ് കോളേജുകളിലെയോ അധ്യാപകർ/വിദ്യാർത്ഥികൾ 2024 ൽ പ്രസിദ്ധീകരിച്ച ശ്രീ നാരായണ ഗുരുവിന്റെ ജീവിത ദർശനം, ശ്രീ നാരായണ ഗുരുവിന്റെ ദർശനമായ അദ്വൈതം, മതേതര ആത്മീയത, സാഹിത്യ രചനകൾ എന്നിവ പ്രതിപാദിക്കുന്ന ബുക്കുകൾ/ ആർട്ടിക്കിളുകൾ എന്നിവയും പരിഗണിക്കുന്നതാണ്.

<u>അപേക്ഷകർ പാലിക്കേണ്ട നിർദ്ദേശങ്ങൾ</u> :

- അപേക്ഷയ്ക്ക് പരിഗണിക്കേണ്ട ഗവേഷണ പ്രബന്ധം/ബുക്കുകൾ/ആർട്ടിക്കിൾ എന്നിവ മലയാളത്തിൽ തന്നെ പ്രസിദ്ധീകരിച്ചവയായിരിക്കണം.

Draft #21 of File 55562/Ac E III/2024/UOK Approved by Registrar(i/c) on 04-Nov-2025 04:06 PM - Page 1

- 2023, 2024 വർഷങ്ങളിലെ അപേക്ഷകൾ പ്രത്യേകമായാണ് പരിഗണിക്കുന്നത് .
- അപേക്ഷയോടൊപ്പം പ്രബന്ധം/ബുക്കുകൾ/ആർട്ടിക്കിൾ ന്റെ ഒരു ഹാർഡ് കോപ്പിയും pdf ഫോർമാറ്റിലുള്ള സോഫ്റ്റ് കോപ്പിയും പെൻഡ്രൈവിലാക്കി നൽകേണ്ടതാണ്.
- സർവകലാശാല വെബ്സൈറ്റിലുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് ഇതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- സർവകലാശാല നിയമിച്ച സെലക്ഷൻ കമ്മിറ്റിയാണ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത്.
- അപേക്ഷകൾ ചെയർമാൻ (അധ്യക്ഷൻ, മലയാളവിഭാഗം), ശ്രീ നാരായണ ഗുരു എൻഡോവ്മെന്റ് അവാർഡ് സെലക്ഷൻ കമ്മിറ്റി, കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം-695581 എന്ന മേൽവിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റ് ആയി അയക്കേണ്ടതാണ്.
- അവാർഡ് തുക :15,000/- രൂപ
- അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **20.12.2025**
- നിലവിൽ അപേക്ഷ സമർപ്പിച്ചവർ പുതുതായി സമർപ്പിക്കേണ്ടതില്ല.

**രജിസ്ട്രാർ ഇൻ-ചാർജ്**

UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

Draft #21 of File 55562/Ac E III/2024/UOK Approved by Registrar(i/c) on 04-Nov-2025 04:06 PM - Page 2

The document is digitally approved. Hence signature is not needed.